
Monthly Price: 4 Year: 2011



## മനുഷ്യന്റെ ആത്മാവിന്റെ വഴികൾ-സഭാപ്രസംഗി 12: 7

**നമ്മുടെ ആത്മാവ് ദൈവത്തിൽ നിന്നു വരുന്നു.**
**എബ്രായർ 12.9**

അവന്റെ രൂപത്തിൽ നമ്മുടെ ആത്മാവിനെ മെനഞ്ഞിരിക്കുന്നു-1കൊരിന്ത്യർ 15:49

ആദാമിൽനിന്നും എല്ലാവരും വന്നു-പ്രവൃത്തി.17:26
നാം അവനെ പോലെയാകുന്നു.

ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു-1കൊരിന്ത്യർ 13:11
ദൈവരാജ്യം അങ്ങനയുള്ളവരുടേതല്ലോ.
ലൂക്കൊസ് 18:16.

ആത്മാവിന്റെ പക്വതാ നടപടി (മനസ്, ഹൃദയം, മനസാക്ഷി) ശരീരത്തിന്റേയും.

പാപം ആത്മീയ മരണത്തെ കൊണ്ടുവരുന്നു-
റോമർ 5:12

നന്മതിന്മകളെകുറിച്ചുള്ള അറിവു എല്ലാവരിലും ഉള്ളതുകൊണ്ട് നാമെല്ലാം പാപം ചെയ്യുന്നു- ഉല്പത്തി. 3:22; 1കൊരിന്ത്യർ 15:22; റോമർ 3:23

ഈ സമയത്ത് രണ്ട് പോയിന്റ്:

1. തിന്നുവാനും കുടിക്കുവാനും ആനന്ദിക്കുവാനും തുടങ്ങുന്നു 1കൊരിന്ത്യർ 15:32. — മോശം

   ഫലം: റോമർ 1:18-22; എഫേസ്യർ 4:17-19. 1കൊരിന്ത്യർ 6:9,10
2. പ്രവൃത്തി 2:38; 1കൊരിന്ത്യർ 6:11

**പുതിയ ജനനം**
**1പത്രോസ് 1:22, 23**

ദൈവവചനം കേൾക്കുന്നു അത് വിശ്വസിക്കുന്നു
റോമർ 10:13-15

മാനസാന്തരപ്പെട്ട് പുതിയ നിയമത്തെ സ്വീകരിക്കുന്നു- പ്രവൃത്തി. 3:19; എബ്രായർ 8:10-12

യേശുവിനോടുചേരുവാൻ സ്നാനം ഏല്ക്കുന്നു- പ്രവൃത്തി. 8:34-39; റോമർ 6:5-11.

കഴുകുന്നു, വിശുദ്ധീകരിക്കുന്നു, നീതീകരിക്കപ്പെടുന്നു

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 26** **September 2011** **No.6**

# എഡിറ്റോറിയൽ

അഴിമതിയുടെ പേരിൽ വലിയ കോലാഹലങ്ങൾ ഇന്ന് നമ്മുടെ ഇന്ത്യയിൽ നടന്നു വരികയാണ്. സമരങ്ങളും പ്രതിഷേധങ്ങളും നടക്കുന്നു. അത് പ്രശംസനീയം തന്നെ. പക്ഷെ അഴിമതി മാത്രമല്ല സമൂഹത്തെ വിഴുങ്ങിക്കൊണ്ടിരിക്കുന്നത്. ആളുകളെ അതിന് പ്രേരിപ്പിക്കുന്ന ഘടകത്തേയും നാം കാണേണ്ടതുണ്ട്. ആഡംബര ഭ്രമമാണ് ആളുകളെ അഴിമതിയിലേക്കും കൈക്കൂലിയിലേക്കും നയിക്കുന്നത്. അപ്പോൾ അഴിമതിയുടെ കാരണം കണ്ടെത്തി ചികിൽസിക്കുകയാണ് ഉത്തമമായ മാർഗം. മോഹമാണ് ആളുകളെ ഇത്തരത്തിൽ ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്നത്. മനുഷ്യവർഗം ഭൂമിയിലുണ്ടായ സമയം മുതൽ ആളുകളെ വേട്ടയാടിക്കൊണ്ടിരിക്കുന്ന ഒരു ദുസ്വഭാവമാണ് അതിമോഹം. ദൈവം കൽപിച്ചിരിക്കുന്നത് മോഹിക്കരുത് എന്നാണ്.

മറ്റൊരാൾക്കുള്ളത് എനിക്ക് വേണമെന്ന് ആഗ്രഹിക്കയും അത് ലഭിക്കുവാൻ എന്തു മാർഗവും സ്വീകരിക്കുവാൻ ആളുകൾ തയ്യാറാകുകയും ചെയ്യുന്നതാണ് കുഴപ്പമാകുന്നത്. ദൈവം ആഗ്രഹിക്കുന്നത് എല്ലാവർക്കും സമത്വം വേണമെന്നാണ്. പക്ഷെ ആളുകൾ അങ്ങനെ ചിന്തിക്കുന്നില്ല. സ്വാർത്ഥമനോഭാവമുള്ളവർക്ക് മറ്റുള്ളവരുടെ നഷ്ടം പ്രശ്നമല്ല. അവർക്ക് അവരുടെ കാര്യമാണ് വലുത്. മനുഷ്യജീവിതം സന്തുഷ്ടമാകുന്നത് ഉള്ളതിൽ തൃപ്തിയടയുമ്പോഴാണ്. അതു പലർക്കും അറിയില്ല. സ്വന്തം അദ്ധ്വാനത്തിന്റെ ഫലം അനുഭവിക്കുമ്പോഴാണ് യഥാർത്ഥ ആത്മസംതൃപ്തിയുണ്ടാകുന്നത്. അല്ലാതെ മറ്റൊരാളുടെ അദ്ധ്വാനഫലം അനുഭവിക്കുമ്പോഴല്ല. അപ്പോൾ നമ്മുടെ ചിന്താഗതിക്കാണ് ആദ്യം മാറ്റമുണ്ടാകേണ്ടത് എന്ന് വ്യക്തം.

പണ്ടൊക്കെ പ്രാഥമികമായ ആവശ്യങ്ങൾക്കായി ആളുകൾ കഠിനമായി അദ്ധ്വാനിക്കേണ്ടിയിരുന്നു. അതിൽ അവർ അഭിമാനിച്ചിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി നേരെ മറിച്ചാണ്. ഏത് വിധേനയും പണമുണ്ടാക്കണം എന്ന ചിന്ത മനുഷ്യനെ കീഴ്പ്പെടുത്തിയിരിക്കുകയാണ്. അപ്പോൾ അവൻ ധാർമ്മികത മറക്കുന്നു. എല്ലാ മതവിഭാഗങ്ങളിൽ പെട്ടവരും ഇതിൽ പെടുന്നുണ്ട്. മതങ്ങൾക്ക് ഇതിൽ വലിയ ഒരു പങ്കുണ്ട് എന്ന് ഒരാൾ പറഞ്ഞേക്കാം. മതവിഭാഗങ്ങളിലെ അദ്ധ്യക്ഷന്മാരിൽ തന്നെ അത് കാണപ്പെട്ടാൽ പിന്നെ അനുയായികളെ അവർക്ക് കുറ്റപ്പെടുത്തുവാൻ കഴിയുമോ? അതാണ് മതങ്ങളുടെ പ്രശ്നം. ഏതു രാജ്യത്തിലുള്ള ആളായാലും, ഏതു മതത്തിലോ സംസ്ക്കാരത്തിലോ ഉള്ള ആളായാലും ശരി ആദ്യമായി സത്യദൈവത്തെ അറിയണം. അവനെ അറിയുക എന്ന് പറഞ്ഞാൽ അവന്റെ ഹിതം എന്തെന്ന് തിരിച്ചറിയണം.

ദൈവം നിയമങ്ങളും വാഗ്ദാനങ്ങളും മുന്നറിയിപ്പുകളും നൽകിയിട്ടുണ്ട്. അത് സർവ്വമനുഷ്യർക്കുമുള്ളതാണ്. നാം ദൈവഭയത്തിൽ അവന്റെ കൽപനകൾ അനുസരിച്ച് ജീവിക്കുമ്പോഴാണ് സന്തോഷവും സമാധാനവുമുണ്ടാകുന്നത്. പണം വർദ്ധിക്കുമ്പോൾ അത് വിഹിതമല്ലാത്ത കാര്യങ്ങൾക്കായി വിനിയോഗിക്കും. അങ്ങനെ ഒരു പാപം നമ്മെ മറ്റു പാപങ്ങൾ ചെയ്യുവാൻ പ്രേരിപ്പിക്കും. ചെറുതോ വലുതോ ആയ ഏത് നിയമമായാലും അത് ലംഘിച്ചാൽ നമ്മുടെ മനസിൽനിന്ന് സന്തോഷം പൊയ്പോകും. നമ്മുടെ ഈ ലോകജീവിതം താൽകാലികമാണ്, ഇവിടെ നാം മറ്റുള്ളവരെ ചൂഷണം ചെയ്യുന്നത് ദൈവം കാണുകയും അറിയുകയും ചെയ്യും എന്നത് മറക്കരുത്.

ധർമ്മവിരുദ്ധമായ എന്തെങ്കിലും സ്വഭാവം നിങ്ങളിലുണ്ടോ എന്ന് നിങ്ങൾ തന്നെ ചിന്തിക്കുക. അവനവനെ സൂക്ഷിക്കുക എന്നത് ഓരോരുത്തരുടേയും കടമയാണ്. നമ്മുടെ വഴികളെയോ കാലടികളെയോ നേരെയാക്കുവാൻ നമുക്ക് സാധ്യമല്ല. അതിന് നമുക്ക് ദൈവസഹായം ആവശ്യമാണ്. ആ സഹായം ദൈവവചനം മുഖാന്തരമാണ് അവൻ നമുക്ക് നൽകുന്നത്. പക്ഷെ നാം ദൈവത്തിൽ വിശ്വാസം അർപ്പിക്കണം. നമ്മുടെ കാഴ്ച്ചയിൽ കാണുന്നതിനെയല്ല നാം ആശ്രയിക്കേണ്ടത്. ഏതു തരത്തിലുള്ള തെറ്റായാലും അത് ഇനി ആവർത്തിക്കുകയില്ല എന്ന തീരുമാനം എടുത്ത് ദൈവകൽപനപ്രകാരം മാത്രം ജീവിക്കുക.

# കർത്താവിന്റെ സഭയെ കണ്ടെത്തൽ

## *J.C* ചോട്ട്

തിരുവചന സത്യം കേട്ടു മനസിലാക്കി അത് അനുസരിച്ചു ജീവിക്കുന്ന ഒരാൾക്കു ജോലിയുണ്ടെങ്കിൽ അയാൾക്കു ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്കു മാറിപോകേണ്ടി വരുന്നതു സാധാരണമാണ്. അതൊഴിവാക്കാൻ പലപ്പോഴും കഴിയാറില്ല എന്നു നമുക്ക് അറിയാം. ഒരു പട്ടണത്തിൽ കർത്താവിന്റെ സഭയിൽ അംഗമായി തീർന്ന ഒരു വ്യക്തിക്കോ, ചിലപ്പോൾ ഒരു കുടുംബത്തിനു മുഴുവനുമോ ഇങ്ങനെ മാറേണ്ടി വന്നേക്കാം. വളരെ കാലം കർത്താവിന്റെ സഭയിലെ ഒരു ഇടവകയിൽ വിശ്വസ്തരായി ജീവിച്ചവർക്കു ഇങ്ങനെ ഒരവസ്ഥ ഉണ്ടാകുമ്പോൾ ചെല്ലുന്ന സ്ഥലത്തു കർത്താവിന്റെ സഭയുടെ ഇടവക കണ്ടെത്താൻ പ്രയാസമുണ്ടാകയില്ല. അതിൽ തെറ്റു പറ്റുകയുമില്ല. എന്നാൽ പുതുതായി പരിവർത്തനം ചെയ്യപ്പെട്ട അംഗങ്ങളാണെങ്കിൽ അവർക്കു ചില പ്രശ്നങ്ങൾ നേരിടാറുണ്ട്. തിരുവെഴുത്തിനെകുറിച്ച്, സഭയെക്കുറിച്ച്, സഭയെ തിരിച്ചറിയുന്നതിനുള്ള അടയാളങ്ങൾ കണ്ടെത്തൽ എന്നിവയെക്കുറിച്ച് അവർക്കുള്ള പരിജ്ഞാനത്തെ ആസ്പദമാക്കിയിരിക്കും അതു.

ഉദാഹരണമായി നിങ്ങൾ ഒരു പട്ടണത്തിൽ നിന്നോ, സ്ഥലത്തു നിന്നോ മറ്റൊന്നിലേക്കു മാറുവാൻ നിശ്ചയിച്ചു കഴിഞ്ഞു എന്നു വിചാരിക്കുക. അവിടെ ചെന്നാൽ ഉടനെ തന്നെ അവിടെ കർത്താവിന്റെ സഭ കൂടിവരുന്നത് എവിടെയാണെന്നു കണ്ടെത്താൻ ഉടനെ ഒരു ശ്രമം നടത്തും. കണ്ടെത്തിയാൽ അവരുമായി കൂട്ടായ്മയും പ്രാർത്ഥനയും കഴിച്ചു പോരുകയും അവരൊന്നിച്ച് ആരാധിക്കയും ചെയ്യും. ചിലപ്പോൾ നിങ്ങൾ വിട്ടു പോകുന്ന ഇടവക, ചെല്ലുന്ന സ്ഥലത്തെ സഭയുടെ വിലാസവും മറ്റും തന്നു വിട്ടേക്കാം. അങ്ങനെയെങ്കിൽ ആ ഇടവക കണ്ടു പിടിക്കുവാനും അവരുമായി തുടർന്നു ബന്ധം പുലർത്തുവാനും എളുപ്പമാണ്. എന്തെങ്കിലും കാരണത്താൽ അത്തരം വിവരങ്ങൾ ലഭിക്കാതെ പോയാൽ നിങ്ങൾ

സ്വയമായി അതു കണ്ടു പിടിച്ച് ആ സഹോദരന്മാരുമായി ആത്മീയ ബന്ധം സ്ഥാപിക്കാവുന്നതാണ്. വിശ്വാസത്തിൽ ആരംഭം കുറിച്ച ഒരു വ്യക്തിയാണെങ്കിൽ ഈ കാര്യത്തിൽ പ്രശ്നങ്ങൾ നേരിടാം.

ഇതുപോലുള്ള സാഹചര്യം നിങ്ങൾക്കു നേരിട്ടിട്ടുണ്ടോ, അതായതു മറ്റേതെങ്കിലും സ്ഥലത്തു ചെന്ന് കർത്താവിന്റെ സഭയുടെ ഇടവക ഏതെന്ന് തിരിച്ചറിയാൻ നിങ്ങൾ നോക്കി നടന്നിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ അടയാളങ്ങൾ എന്തെല്ലാമാണെന്നു പരിശോധിക്കുക.

1. അതു വചന പ്രകാരമുള്ള ഒരു പേർ ധരിച്ചിരിക്കും. അതിന്റെ അർത്ഥം കർത്താവിന്റെ സഭയെ ബൈബിളിൽ അറിയപ്പെട്ടിരുന്നതുപോലെ ക്രിസ്തുവിന്റെ സഭ (റോമർ 16:16). ദൈവസഭ (പ്രവൃത്തി 20:28) അല്ലെങ്കിൽ തിരുവെഴുത്തിൽ സൂചിപ്പിച്ചിട്ടുള്ള മറ്റേതെങ്കിലും പേരിൽ അറിയപ്പെടണം. ലോകം മുഴുവൻ സഭയെ അറിയപ്പെടുന്നതു "ക്രിസ്തുവിന്റെ സഭ" എന്ന പേരിലാണ്. ആ പേർ ഉപയോഗിക്കാൻ കാരണം, ഒന്ന് അതു വേദപുസ്തക പേരാണ്. മറ്റൊന്ന്, ലോകത്തിൽ ഉള്ളവർക്കു തെറ്റ് പറ്റാതിരിക്കാനാണ്, ഇന്നു ലോകത്തിൽ മതപരമായ സംഘടനകൾ എല്ലാം വിവിധങ്ങളായ പേരിൽ അറിയപ്പെടുന്നതു പോലെ കർത്താവിന്റെ സഭ ഓരോ സ്ഥലത്തും ഓരോ പേരിൽ അറിയപ്പെട്ടാൽ അതു കലക്കത്തിലാകും. വചനത്തിലുള്ള പേർ ധരിച്ചിരിക്കുന്ന ഒരു ഇടവക മറ്റൊരു സ്ഥലത്തുള്ള വേറൊരു നാമം വചനത്തിലുള്ളതു തന്നെ ധരിച്ചിരിക്കുന്നതു കൊണ്ട് കൂട്ടായ്മ ആചരിക്കുമെന്ന് ഒരാൾക്കു അറിയാൻ കഴിഞ്ഞെന്നു വരികയില്ല. നാമധേയ വിഭാഗങ്ങളിൽ ചിലതു തിരുവചന നാമങ്ങൾ ഉപയോഗിക്കുന്നുണ്ട്. അതുകൊണ്ട് അതു കർത്താവിന്റെ സഭ ആകുന്നില്ല. പേരുമാത്രം വചനത്തിൽനിന്നു എടുക്കയും ഉപദേശങ്ങളും ആചാരങ്ങളും വ്യത്യസ്ഥമായിരിക്കയും ചെയ്താൽ അതു കർത്താവിന്റേതാകയില്ല.

2, അതിലെ അംഗങ്ങളെ ക്രിസ്ത്യാനികൾ എന്നു മാത്രം അറിയപ്പെടും. അവർ ഒരിക്കലും അത്തരം ക്രിസ്ത്യാനി എന്നോ ഇത്തരം ക്രിസ്ത്യാനി എന്നോ അറിയപ്പെടുകയില്ല. ക്രിസ്ത്യാനി എന്ന പേരിനു മുമ്പോ പിമ്പോ മാനുക്ഷിക നാമം അവർ എടുക്കുകയില്ല. രക്ഷ ക്രിസ്തുവിന്റെ നാമത്തിലാണ് എന്ന് നമ്മെ പ്രബോധിപ്പിച്ചിരിക്കു

ന്നു (പ്രവൃത്തി 4-12). പിന്നീട് കർത്താവിനെ അനുസരിച്ച് അവനെ പിൻപറ്റിയവരെല്ലാം തന്നെ ക്രിസ്ത്യാനികൾ എന്ന പേരിൽ മാത്ര മാണ് അറിയപ്പെട്ടിരുന്നതെന്ന് ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. (പ്രവൃത്തി 11-26, 26-28, 1പത്രോസ് 4-16).

3, കർത്താവിന്റെ സഭ, ക്രിസ്തുവിന്റെ സഭ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ ആരാധിക്കുവാൻ കൂടി വരണം (പ്രവത്തി 20-7). അംഗങ്ങൾ ആരാധിക്കേണ്ടതു, പ്രാർത്ഥിക്കുകയും (പ്രവൃത്തി 2-42). ദൈവവചനം പഠിക്കുകയും (2തിമൊഥെയോസ് 2-15, പ്രവൃത്തി 20 -7). ആത്മീയ ഗീതങ്ങളാൽ ദൈവത്തിനു പുകഴ്ച്ച അർപ്പിക്കുകയും (എഫെസ്യർ 5-19, കൊലൊസ്യർ 3-16). ഓരോ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും കർത്തൃമേശയിൽ നിന്നു ഭക്ഷിക്കുകയും (പ്രവൃത്തി 20-7, മത്തായി 26-26, 1കൊരിന്ത്യർ 11-23..29), അവർക്കുള്ള പണം നല്കുകയും വേണം (1കൊരിന്ത്യർ 16-1,2). ഇതെല്ലാം ചെയ്തിട്ട് പാട്ട് പാടുമ്പോൾ ഉപകരണങ്ങൾ ഉപയോഗിച്ചാൽ അതു കർത്താ വിന്റെ സഭയാകുന്നില്ല. അല്ലെങ്കിൽ, കർത്തൃമേശ ഇല്ലാതിരുന്നാലും ആ ഇടവക കർത്താവിന്റേതല്ല എന്ന് ഉറപ്പിക്കും.

4, എന്നിട്ടും നിങ്ങൾക്കു ഈ ഇടവക കർത്താവിന്റേതെന്ന് സംശ യമുണ്ടെങ്കിൽ ചില ചോദ്യങ്ങൾ അവരോട് ചോദിക്കാം. അപ്പോൾ കാര്യങ്ങൾ കുറച്ചുകൂടെ വ്യക്തമാകും. ഈ സഭയുടെ ആരംഭം എപ്പോഴാണെന്ന് ചോദിക്കുക. കർത്താവിന്റെ സഭയാണെങ്കിൽ അപ്പൊസ്തലപ്രവൃത്തികളുടെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ വിവരിക്കുന്നതു അനുസരിച്ച് ഏതാണ്ട് എ. ഡി. 33-ൽ എന്നു മറു പടി പറയും. വീണ്ടും, സഭയുടെ ആരംഭം എവിടെയായിരുന്നു എന്നു ചോദിക്കുക. യെരുശലേമിൽ എന്നു പറഞ്ഞാൽ അതു ബൈബി ളിൽ പറയുന്നതുപോലെയുള്ള കർത്താവിന്റെ സഭയെന്ന് (അപ്പൊ സ്തല പ്രവൃത്തികൾ 2) ഉറപ്പു വരുത്താം. ഒരാൾ എങ്ങനെ ആ സഭയിൽ അംഗമായി തീരുന്നു എന്നു കൂടെചോദിക്കണം ശരിയായ ഉത്തരം ദൈവത്തിലും ദൈവപുത്രനായ ക്രിസ്തുവിലും ഒരാൾ വിശ്വസിച്ച് (എബ്രായർ 11-6, യോഹന്നാൻ 3-16) തന്റെ പാപങ്ങളിൽ നിന്നും മാനസാന്തരപ്പെട്ടു (ലൂക്കൊസ് 13-3, പ്രവൃത്തി 17-30), യേശു ക്രിസ്തു ദൈവപുത്രനാണെന്ന് വായ്കൊണ്ട് ഏറ്റു പറഞ്ഞ്( റോമർ 10-10, മത്തായി 10-32), പാപ മോചനത്തിനായി യേശുക്രിസ്തുവിന്റെ

നാമത്തിൽ സ്നാനം ഏല്ക്കണം (പ്രവൃത്തി 2-38, മർക്കൊസ് 16 -16), അപ്പോൾ കർത്താവ് ആ വ്യക്തിയെ രക്ഷിക്കുകയും തന്റെ സഭയോടു ചേർക്കുകയും ചെയ്യുന്നു (പ്രവൃത്തി 2-47) എന്നായിരിക്കും.

5, ഉപദേഷ്ടാവ് ളോഹ ധരിക്കുകയോ പാസ്റ്റർ എന്നോ റെവറന്റ് എന്നോ വിളിക്കപ്പെടുന്നുവെങ്കിൽ നിങ്ങൾക്ക് അറിയാം ആ ഇടവക കർത്താവിന്റെ സഭയല്ല എന്ന്. കാരണം അതെല്ലാം ബൈബിളിനു അന്യമാണ് (1തിമൊഥെയോസ് 3, തിതൊസ് 1, സങ്കീർത്തനം 11-9).

6, ഇന്നു പരിശുദ്ധാത്മ സ്നാനം ഉണ്ടെന്നും അത്ഭുതങ്ങളും അടയാളങ്ങളും ചെയ്യാൻ കഴിയുമെന്നും അന്യഭാഷയിൽ അത്ഭുതകരമായി സംസാരിക്കുമെന്നും ഒരു ഉപദേഷ്ടാവ് അവകാശപ്പെട്ടാൽ അതു പെന്തക്കൊസ്തു സഭാവിഭാഗത്തിൽ പെട്ട ഒന്നാണ്, കർത്താവിന്റെ സഭയല്ല എന്നു സ്പഷ്ടം: സകല സൽപ്രവൃത്തിയിലും നമ്മെ തികഞ്ഞവരാക്കുന്ന ഒന്നാണ് വചനം (2തിമൊഥെയോസ് 3-16,17). പുതിയ നിയമ കാലയളവിൽ അത്ഭുതങ്ങളും അടയാളങ്ങളും അന്യഭാഷയിലുള്ള സംസാരവും നടന്നിരുന്നു. വചനം പൂർണ്ണമായി എഴുതപ്പെടുന്നതു വരെ അതു ആവശ്യവുമായിരുന്നു. എന്നാൽ എപ്പോൾ വചനം എല്ലാം എഴുതപ്പെട്ടു കഴിഞ്ഞുവോ അപ്പോൾ അതെല്ലാം നിന്നു പോകുമെന്നു ദൈവം തന്നെ അരുളി ച്ചെയ്തിരിക്കുന്നു.

സഭയെ സംബന്ധിച്ച് പരിഗണിക്കുമ്പോൾ അതു കർത്താവിന്റേതു തന്നെയോ എന്നു തീരുമാനിക്കുവാൻ ഏതാനും നിഷേധാത്മകവും ക്രിയാത്മകവുമായ അടയാളങ്ങളാണ് മുകളിൽ പ്രതിപാദിച്ചതു. നമുക്കു അറിയാം ലോകത്തിൽ ധാരാളം സഭകളുണ്ട് എന്ന്. ചിലത് ഏതാണ്ട് സഭയോടു അടുത്തു വരുന്നതും മറ്റുചിലത് വളരെ അകന്നു നില്ക്കുന്നതുമാകുന്നു. പക്ഷെ സത്യത്തോട് അടുത്തു വന്നാൽ മാത്രം പോരാ എന്നു നാം തിരിച്ചറിയണം. നാം വളരെ ശ്രദ്ധിക്കേണ്ട ഒന്നാണ് സഭ, കർത്താവ് തന്റേതെന്ന് അംഗീകരിക്കാത്ത ഒരു കൂട്ടത്തിൽ ഉൾപ്പെട്ട് നാം വഞ്ചിക്കപ്പെടാൻ അനുവദിക്കരുത്.

ക്രിസ്തുവിന്റെ സഭയിലുള്ള ഞങ്ങൾ ഞങ്ങളെത്തന്നെ ഉയർത്തി

കാണിക്കുവാനോ നിങ്ങളേക്കാൾ ഞങ്ങൾ ഉത്തമന്മാർ എന്നു വരുത്തി തീർക്കാൻ ശ്രമിക്കുകയോ അല്ല ചെയ്യുന്നതു. മനുഷ്യരായ നാം ഒന്നുകിൽ ക്രിസ്തുവിനുള്ളവർ ആകും അല്ലെങ്കിൽ അല്ലതാനും. ക്രിസ്തു, തന്റെ സഭ പണിയുമെന്ന് പറഞ്ഞു (മത്തായി 16 :18). പെന്തെക്കൊസ്തുനാളിൽ അവൻ അതു പണിതു (പ്രവൃത്തി 2), അവൻ തന്നെയാണ് സഭയുടെ തലയും (കൊലൊസ്യർ 1:18) രക്ഷിതാവും (എഫെസ്യർ 5:23). ആ സഭക്കുവേണ്ടി അവൻ മരിച്ചു തന്റെ രക്തം കൊടുത്തു വിലക്കു വാങ്ങിയതാണ് അതു (പ്രവൃത്തി 20:28). കർത്താവിന് ഏക ശരീരം അഥവാ സഭയാണ് ഉള്ളതു (എഫെസ്യർ 4:4, 1:22,23), തന്റെ പേർ ധരിച്ചിരിക്കുന്ന ആ ഏക സഭയെ സ്വീകരിപ്പാനാണ് കർത്താവ് വീണ്ടും വരുന്നതു. അവരെ അവൻ വന്ന് സ്വർഗ്ഗത്തിലേക്കു കൊണ്ടു പേകയും ചെയ്യും (എഫെസ്യർ 5:23...27). ആകയാൽ ബൈബിളിൽ വായിക്കുന്ന പ്രകാരം നാം ക്രിസ്ത്യാനികൾ ആകേണ്ടതും വിശ്വസ്തരായി അവനെ തന്റെ സഭയിൽ ആരാധിക്കേണ്ടതും പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. നാം ഏതെങ്കിലും സഭയിൽ എന്തെങ്കിലും ചെയ്തു ദൈവത്തെ പ്രീതിപ്പെടുത്താൻ ശ്രമിക്കരുതു. അതു ദൈവവ്യവസ്ഥക്കു എതിരാണ്. നാം വേല ചെയ്യേണ്ടതു കർത്താവിന്റെ സഭയിൽ നിലനിന്നു കൊണ്ടായിരിക്കണം. കർത്താവിനെ ആദരിക്കുന്നവർ അവന്റെ സഭയെ ആദരിക്കണം.

അതുകൊണ്ട് നിങ്ങൾ വേറൊരു സ്ഥലത്തേക്കു മാറിപോകുമ്പോൾ അവിടെ കർത്താവിന്റെ സഭയുടെ കൂടിവരവ് തിരിച്ചറിയുവാൻ ശ്രമിക്കുമ്പോൾ ശരിയായ പരിശോധന നടത്തി ഉറപ്പു വരുത്തേണ്ടതാണ്. പുതിയ നിയമത്തിൽ സഭയെക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്ന എല്ലാ അടയാളങ്ങളും ഉണ്ടോ എന്ന് നോക്കേണ്ടതാണ്. താരതമ്യ പഠനം കൊണ്ട് മാത്രമെ അതു സാദ്ധ്യമാകു. അങ്ങനെ പൂർണ്ണബോധ്യം വന്നതിനു ശേഷമെ ആ സഭയുമായി ബന്ധപ്പെടാവു, അവരുമായി ചേർന്ന് ആരാധനക്കു പങ്കെടുക്കാവു, കർത്താവിന്റെ വേലയിൽ അവരുമായിട്ടേ പങ്കെടുക്കാവു. സൗകര്യത്തിനനുസരിച്ച് അടുത്തുള്ളക്രിസ്തുവിൽ വിശ്വസിക്കുന്ന ഏതെങ്കിലും കൂട്ടവുമായി ചേരരുതു, അതു ശരിയായ സമീപനമല്ല. കർത്താവിന്റെ സഭയുടെ കൂടിവരവ് ഒരു പ്രദേശത്ത് നിങ്ങൾക്ക് കണ്ടെത്താൻ

കഴിഞ്ഞില്ലെങ്കിൽ നിങ്ങൾ വീട്ടിലിരുന്ന് ആരാധിക്കണം. സമാനചിന്താഗതിക്കാരെ കണ്ടെത്തണം, അവരെ പഠിപ്പിക്കണം. അതിനു ശേഷം നിങ്ങൾക്ക് കർത്താവിന്റെ സഭയുടെ ഒരു ഇടവക ആരംഭിക്കുവാൻ കഴിയും. ഈ കാര്യത്തിലും മറ്റെല്ലാ കാര്യത്തിലും നിങ്ങൾ കർത്താവിനോടു സത്യസന്ധത പുലർത്തി ജീവിക്കാൻ അവൻ നിങ്ങളെ സഹായിക്കയും അനുഗ്രഹിക്കയും ചെയ്യട്ടെ എന്നു ആശംസിക്കുന്നു.

✶

# പ്രാദേശിക സഭ

## ജാക്കി എം.എസ്

സുവിശേഷം മാന്യതയോടെ അനുസരിച്ച് അതിനാൽ നയിക്കപ്പെടുന്നവർ പ്രാദേശികമായ സഭക്കു വളരെ ഊന്നൽ കൊടുക്കും. അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകത്തിൽ യെരുശലേം, യഹൂദ്യ, ശമര്യ, തുടങ്ങി ലോകത്തിന്റെ നാനാഭാഗത്തും പ്രാദേശിക സഭകൾ ആരംഭിച്ചതായി വിവരിക്കുന്നുണ്ട്. പുതിയ നിയമ ലേഖനങ്ങൾ എഴുതപ്പെട്ടിരിക്കുന്നതു പ്രാദേശിക സഭകളിൽ കൂടെ ക്രിസ്തുവിന്റെ രാജ്യത്തിന്റെ വ്യാപ്തിക്കായി പ്രവർത്തിക്കുന്ന വ്യക്തികൾക്കും ഇടവകകൾക്കും ആയിട്ടാണ്.

### പോറ്റുക

ഭൗതീക ശരീരത്തിന്റെ നിലനില്പിനു ആഹാരം ആവശ്യമുള്ളതുപോലെ തന്നെ ആത്മാവിനും ആഹാരം ആവശ്യമാണ്. ആ ആവശ്യം ദൈവം നിറവേറ്റുന്നതു പ്രാദേശിക ഇടവകകളിൽ കൂടെ സംരക്ഷിക്കുകയും നയിക്കുകയും ചെയ്യുന്നതു കൊണ്ടാണ്. വ്യായാമവും നിരന്തര പരിശീലനവും ഒരു ശരീരത്തിന്റെ ആരോഗ്യത്തിനു ആവശ്യമാണ്. ആത്മാവിനെ ശക്തമായി സൂക്ഷിക്കാൻ ദൈവവചന പരിജ്ഞാന പരിശീലനവും അഭ്യാസവും ഒഴിച്ചു കൂടാൻ പറ്റാത്ത ഒന്നാണ് (പ്രവൃത്തി 20-28, എബ്രായർ 5-11...14, ഗലാത്യർ 6-1...10, യാക്കൊബ് 5-19,20).

സുവിശേഷ ശക്തി ഏതെങ്കിലും പ്രദേശത്തുള്ള സഭയിൽ

ഇല്ലാതെ വന്നാൽ, അംഗങ്ങൾ വഞ്ചിക്കപ്പെടുകയും ക്രമേണ അതു നാശത്തിലേക്കു പോകയും ചെയ്യുന്നു. ഇതിനു ഉത്തരവാദി മനുഷ്യൻ തന്നെയാണ്. ആരാണ് ആ ഇടവകയെ നയിക്കുന്നതു, ആ വ്യക്തിയാണ് അതിനു കാരണക്കാരൻ എന്നു തിരിച്ചറിയണം.

പ്രാദേശിക ഇടവകയിൽ സജീവ പ്രവർത്തനത്തിലും ആത്മീയ ജീവിതത്തിലും നിലനിന്നാലല്ലാതെ ഒരാത്മാവിനും പക്വത കൈവരിക്കാൻ സാദ്ധ്യമല്ല. പ്രാദേശിക സഭയെ ആദരിക്കാതെ, അതിനെ തുച്ഛീകരിച്ച് കാണിച്ചാൽ, ആളുകളുടെ മനസും സത്യത്തോടുള്ള അവരുടെ അറിവില്ലായ്മയും പ്രകടമാക്കുന്നു.

ഒരു സ്ഥലത്തെ സഭയിലെ ഉപദേഷ്ടാവ് തിരിച്ചറിയേണ്ട കാര്യം എന്തെന്നാൽ സഭയെ വളർത്തേണ്ട ഒരു മഹത്തായ പ്രവൃത്തിയാണ് അയാൾ ഏറ്റെടുത്തിരിക്കുന്നതു. ഏതു പ്രാദേശിക സഭയും മനസിലാക്കേണ്ട കാര്യം വലിയ കർത്തവ്യം ആണ്. അവർ ആത്മാക്കളെ നേടുകയും അവരെ പക്വതയിലേക്കു നയിക്കുകയും ചെയ്യുന്നതിൽ അവർക്കുള്ള പങ്ക് അവർ നിർവ്വഹിക്കേണ്ടതാണ്.

## സ്വാധീന ശക്തി

ലോകത്തിലെ പാപത്തിനുള്ള പ്രതിവിധി ബോദ്ധ്യപ്പെടുത്തുവാനും അതിൽ നിന്നും ലോകത്തെ പിന്തിരിപ്പിക്കുവാനും പ്രാദേശിക ഇടവകകൾക്ക് എന്തു ചെയ്യാൻ കഴിയുമെന്ന് ദൈവം ബോധ്യപ്പെടുത്തിയിരിക്കയാണ്. ഇതു മനസിലാക്കിയ തെസലോനിക്യാ സഭാ സുവിശേഷ ശക്തിയാൽ ഇതു ചെയ്യുന്നതായി നമുക്കു കാണാം (1 തെസലോനിക്യർ 1-8..10).

സുവിശേഷ ബന്ധത്തിൽ തുടർച്ചയായ അനുബന്ധമാണ് ഒരു പ്രാദേശിക ഇടവകയുടെ ജീവൻ. സുവിശേഷ പ്രചരണമോ, ആത്മാക്കളെ നേടുന്നതോ ഇല്ലാതെ വരുമ്പോൾ സഭ നിർജ്ജീവമായി മാറുന്നു.

എത്ര ശക്തമായി ലോകത്തിൽ ശ്രദ്ധിക്കപ്പെടുന്ന രീതിയിൽ സ്വാധീന ശക്തി ചെലുത്താമോ അത്രയും വിപുലമായ രീതിയിൽ ഇടവക വളരും. സ്വധീന ശക്തി ബലഹീനമായി മാറുമ്പോൾ ഇടവകയുടെ ബലം കുറയും. ലോകത്തിൽ അതിന് ചെലുത്താവുന്ന ശക്തി മങ്ങിപ്പോകുന്നതാണ് കാരണം. ഇതിന് എല്ലാവരും ഉത്തരവാദികളാണ്. ഒരുമിച്ചുള്ള പ്രവർത്തനമാണ് പ്രശ്ന പരിഹാരം.

## കീഴ്പ്പെടുത്തുക

സുവിശേഷത്തിലുള്ള ശക്തി ഒരു ഇടവക പൂർണ്ണമായി മനസിലാക്കിയാൽ നേരിടുന്ന പ്രതിസന്ധികളെ അതിജീവിക്കും. എഫെസോസ് സഭയിലെ ആദ്യസ്നേഹം, അവർ വിട്ടുകളഞ്ഞതായിരുന്നു. എന്നാൽ അവർക്കു അതു വീണ്ടെടുക്കാൻ കഴിയണം (വെളിപ്പാട് 2:7). വിളിക്കപ്പെട്ട ശേഷം കഷ്ടം അനുഭവിക്കേണ്ടിവന്നാൽ നിരാശപ്പെടരുതു. സഹിഷ്ണുതയോടെ അതിനെ മറികടക്കണം. സ്മുർന്നയിലെ സഭയിൽ നമുക്കു കാണാൻ കഴിയുന്നതു അതാണ്. പെർഗമൊസ് സഭയിൽ എന്നപോലെ മതപരമായ തെറ്റുകളെയും ദുരുപദേശങ്ങളേയും ചെറുത്തു നില്ക്കേണ്ട സാഹചര്യവും ഉണ്ടാകും. അതിനും നാം തയ്യാറാകണം (വെളിപ്പാട് 2:17). യിസെബേലിനെ പോലെ മറ്റൊരു ഉപദേശം ഉയർന്നു വന്നാൽ അതിനെയും അതിജീവിക്കണം (വെളിപ്പാട് 2:26). ഒരു ഇടവക അവർ അതിൽ നിന്നും തിരിയണമെന്നായിരുന്നു ദൈവത്തിന്റെ ആലോചന. ഫിലദെൽഫിയയെപോലെ ഒരു വാതിൽ തുറന്നു കിട്ടുമ്പോൾ സാത്താന്റെ തീയമ്പുകളെ നേരിടുവാൻ തക്ക ശക്തി സംഭരിക്കണം (വെളിപ്പാട് 3:12). ശീതോഷ്ണമായ അവസ്ഥ ഉണ്ടാകാതിരിക്കണം. അങ്ങനെ കാണപ്പെട്ടാൽ അതു നശിപ്പിക്കപ്പെടും എന്നു ദൈവം അരുളിചെയ്യുന്നു.

## ഉപസംഹാരം

സുവിശേഷത്തിന്റെ പരമോന്നതമായ ശക്തി മനസിലാക്കി വിശ്വസിക്കുന്നവരും സുവിശേഷത്തെ മാനിക്കുന്നവരും പ്രാദേശിക സഭയുടെ പങ്കിനെ തിരിച്ചറിയുകയും അനുമോദിക്കുകയും ചെയ്യും. കർത്താവിന്റെ പ്രബോധനം നാം ഒരിക്കലും മറക്കരുതു. "ആത്മാവ് സഭകളോടു പറയുന്നതു ചെവിയുള്ളവൻ കേൾക്കട്ടെ. ക്രിസ്തുവിന്റെ സഭ നിങ്ങളുടെ പ്രദേശത്ത് ഉണ്ടോ, നിങ്ങൾ ആ സഭയുടെ സ്വാധീനത്തിലാണോ, അതോ നിങ്ങൾ ലോകപ്രകാരമുള്ള വിഭാഗത്തിലാണോ, അങ്ങനെയെങ്കിൽ സത്യവചനം അനുസരിച്ച്, നിങ്ങൾ കർത്താവിന്റെ കല്പനകൾ പൂർണ്ണമായി അനുസരിച്ച് കഴിയുമ്പോൾ കർത്താവ് നിങ്ങളെ അവന്റെ സഭയിൽ ചേർത്തുകൊള്ളും.

✶

# അനന്യാസ് ഒരു തെറ്റുള്ള ശിഷ്യനോ

## W. A ഹോളി

പറഞ്ഞിട്ടുള്ള കഥകളിൽ വെച്ച് ഹൃദയ സ്പർശിയായ ഒന്നാണ് പൗലോസായി മാറിയ ശൗലിന്റെ പരിവർത്തനം. പ്രവൃത്തികളുടെ പുസ്തകം 9, 22, 26 എന്നീ അദ്ധ്യായങ്ങൾ ശ്രദ്ധാപുർവ്വം വായിച്ചാൽ ശൗൽ എങ്ങനെ മാറി എന്നു മനസിലാകും. ആത്മാർത്ഥത യോടെ ഈ ഭാഗങ്ങൾ വായിച്ചു നോക്കാൻ ഞങ്ങൾ അപേക്ഷി ക്കുകയാണ്.

യേശുക്രിസ്തുവിനും അവന്റെ സഭക്കും വളരെ എതിരായി രുന്നു ശൗൽ. സ്തെഫാനോസിനെ കല്ലെറിഞ്ഞുകൊന്നപ്പോൾ അവന്റെ വസ്ത്രം പിടിച്ചിരുന്നത് ശൗൽ ആയിരുന്നു (പ്രവൃത്തി കൾ 8: 58). ശൗൽ പിന്നീട് കർത്താവിന്റെ ശിഷ്യന്മാരുടെ നേരെ ഭീഷണിയും കുലയും നിശ്വസിച്ചുകൊണ്ട്, മഹാപുരോഹിതന്റെ അടു ക്കൽ ചെന്നു ദമസ്ക്കൊസിൽ ഈ മാർഗ്ഗക്കാരായ വല്ല പുരുഷ ന്മാരെയോ സ്ത്രീകളെയോ കണ്ടാൽ അവരെ പിടിച്ചുകെട്ടി യെരു ശലേമിലേക്കു കൊണ്ടു വരുവാന്തക്കവണ്ണം അവിടത്തെ പള്ളി കൾക്കു അവനോടു അധികാര പത്രം വാങ്ങി അവർ പ്രയാണം ചെയ്തു (പ്രവൃത്തി 9:1,2).

പ്രവൃത്തി 26:9-11 വരെയുള്ള വാക്യങ്ങൾ നാം ഇങ്ങനെ വായി ക്കുന്നു."നസറായനായ യേശുവിന്റെ നാമത്തിനു വിരോധമായി പലതും പ്രവർത്തിക്കേണം എന്നു ഞാനും വിചാരിച്ചു സത്യം. അതു ഞാൻ യെരുശലേമിൽ ചെയ്തിട്ടുമുണ്ട്. മഹാപുരോഹിതന്മാരോടു അധികാരപത്രം വാങ്ങി വിശുദ്ധന്മാരിൽ പലരെയും തടവിൽ ആക്കി അടെച്ചു, അവരെ നിഗ്രഹിക്കുന്ന സമയം ഞാനും സമ്മതം കൊടു ത്തു. ഞാൻ എല്ലാ പള്ളികളിലും അവരെ പലപ്പോഴും ദണ്ഡിപ്പിച്ചു കൊണ്ട് ദൂഷണം പറവാൻ നിർബ്ബന്ധിക്കയും അവരുടെ നേരെ അത്യന്തം ഭ്രാന്തു പിടിച്ച് അന്യ പട്ടണങ്ങളോളവും ചെന്നു അവരെ ഉപദ്രവിക്കയും ചെയ്തു. എന്നാൽ എ.ഡി. 65ൽ പൗലൊസ് ലേഖനം എഴുതിയപ്പോൾ തന്റെ ക്രൂരമായ മുൻകാല ചെയ്തികളേയും രേഖ പ്പെടുത്തിയിട്ടുണ്ട്. "മുമ്പെ ഞാൻ ദൂഷകനും ഉപദ്രവിയും നിഷ്ഠൂ രനും ആയിരുന്നു, എങ്കിലും അവിശ്വാസത്തിൽ അറിയാതെ ചെയ്ത

തുകൊണ്ട് എനിക്കു കരുണ ലഭിച്ചു (1തിമൊഥെയോസ് 1:13). സഹോദരന്മാരെ ഞാൻ ഇന്നേ ദിവസത്തോളവും കേവലം നല്ല മനസാക്ഷിയോടുകൂടെ ദൈവത്തിന്റെ മുമ്പാകെ നടന്നിരിക്കുന്നു എന്ന് പൗലോസ് പറയുകയുണ്ടായി (പ്രവൃത്തി23:1). നല്ല മനസ്സാക്ഷിയുണ്ടെങ്കിലും ഒരാൾ തെറ്റുചെയ്യും എന്നു ഇതിൽ നിന്നു തെളിയുന്നു.

ശൗലിന്റെ ദമസ്ക്കൊസിലേക്കുള്ള യാത്രാ മദ്ധ്യേ കണ്ടതും കേട്ടതുമായ കാര്യങ്ങൾ അവനെ നിഷ്ക്രിയനാക്കി. സംഭവിച്ചതു എന്ത് എന്നു നമുക്കു നോക്കാം. "അവൻ പ്രയാണം ചെയ്തു ദമസ്ക്കൊസിനു സമീപിച്ചപ്പോൾ പെട്ടെന്നു ആകാശത്തു നിന്നു ഒരു വെളിച്ചം അവന്റെ ചുറ്റും മിന്നി, അവൻ നിലത്തു വീണു. ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നത് എന്ത് എന്നു തന്നോടു പറയുന്ന ഒരു ശബ്ദം കേട്ടു. നീ ആരാകുന്നു കർത്താവേ, എന്നു അവൻ ചോദിച്ചതിനു, നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ നീ എഴുന്നേറ്റു പട്ടണത്തിൽചെല്ലുക, നീ ചെയ്യേണ്ടത് അവിടെ വെച്ച് നിന്നോടു പറയും എന്നു അവൻ പറഞ്ഞു (പ്രവൃത്തി 9:3-6).

കർത്താവിൽ നിന്നു വീണ്ടും എന്തെങ്കിലും കേൾക്കുന്നതിനു മുമ്പ് ശൗൽ മൂന്നു ദിവസം കണ്ണു കാണാതെയും തിന്നുകയോ കുടിക്കുകയോ ചെയ്യാതെയും ഇരുന്നു (പ്രവൃത്തി 9:9).

രക്ഷിക്കപ്പെടുവാൻ ശൗൽ എന്തു ചെയ്യണമെന്ന് അവനോടു പറഞ്ഞത്, കർത്താവിന്റെ രക്ഷാ മാർഗ്ഗം ഉപദേശിച്ച് കൊടുപ്പാനായി അനന്യാസ് എന്ന ഒരു ശിഷ്യനെയാണ് കർത്താവ് നിയോഗിച്ചയച്ചതു. പാപികളായ മനുഷ്യരോടു സുവിശേഷം അറിയിക്കുവാൻ യേശുക്രിസ്തു ലോകത്തിൽ എല്ലായിടത്തും അയച്ചതു ദൂതന്മാരെയല്ല അപ്പോസ്തലന്മാരെയത്രെ. അവരുടെ കാലശേഷം വിശ്വസ്ത മനുഷ്യരെ ഭരമേൽപ്പിച്ച് ആ ദൗത്യം നിറവേറ്റുന്നു (മത്തായി 28:18-20, മർക്കൊസ് 16:15,16 , 1തിമൊഥെയോസ് 2:2-4).

എന്നാൽ അനന്യാസ് എന്നൊരു ശിഷ്യൻ ദമസ്ക്കൊസിൽ ഉണ്ടായിരുന്നു. അവനെ കർത്താവ് ഒരു ദർശനത്തിൽ അനന്യാസേ എന്നു വിളിച്ചു. കർത്താവേ അടിയൻ ഇതാ എന്ന് അവൻ വിളികേട്ടു. കർത്താവ് അവനോടു: നീ എഴുന്നേറ്റ് നേർവീഥി എന്ന തെരുവിൽ ചെന്നു യൂദയുടെ വീട്ടിൽ തർസോസുകാരനായ ശൗൽ എന്നു

പേരുള്ളവനെ അന്വേഷിക്കുക, അവൻ പ്രാർത്ഥിക്കുന്നു അനന്യാസ് എന്നോരു പുരുഷൻ അകത്തുവന്നു താൻ കാഴ്ചപ്രാപിക്കേണ്ടതിന് തന്റെമേൽ കൈവെക്കുന്നത് അവൻ കണ്ടിരിക്കുന്നു എന്നു കല്പിച്ചു. ശക്തമായ ന്യായവാദത്താൽ അനന്യാസ് കർത്താവിന്റെ കല്പനയെ എതിർക്കാൻ ശ്രമിക്കുന്നുണ്ട്. കർത്താവിന്റെ ഉദ്ദേശം മനസിലാക്കാതെയാണ് അവൻ അതു ചെയ്യുന്നതു (പ്രവൃത്തി 4:10-13).

അവസാനം അനന്യാസ് ശൗലിന്റെ അടുക്കൽ വന്നപ്പോൾ അവൻ എന്തു പറഞ്ഞു എന്നറിയാൻ ദയവായി വായിക്കുക, പ്രവൃത്തി 22:16. പൗലോസ് തന്നെ വിവരിക്കുകയാണ് ആ സംഭവത്തെ. അവിടെ പാർക്കുന്ന സകല യെഹൂദന്മാരാലുംനല്ല സാക്ഷ്യം കൊണ്ടവനായി ന്യായപ്രമാണപ്രകാരം ഭക്തിയുള്ള പുരുഷനായ അനന്യാസ് എന്നൊരുത്തൻ എന്റെ അടുക്കൽ വന്നു നിന്നു, സഹോദരനായ ശൗലേ, കാഴ്ച്ചപ്രാപിക്ക എന്നു പറഞ്ഞു . ആ നാഴികയിൽ തന്നെ കാഴ്ച്ച പ്രാപിച്ചു ഞാൻ അവനെ കണ്ടു. അപ്പോൾ അവൻ എന്നോടു: നമ്മുടെ പിതാക്കന്മാരുടെ ദൈവം നിന്നെ തന്റെ ഇഷ്ടം അറിവാനും നീതിമാനായവനെ കാൺമാനും അവന്റെ വായിൽ നിന്നു വചനം കേൾപ്പാനും നിയമിച്ചിരിക്കുന്നു. നീ കാണുകയും കേൾക്കുകയും ചെയ്തതിനു സകല മനുഷ്യർക്കും നീ അവന്റെ സാക്ഷിയായി തീരും. ഇനി താമസിക്കുന്നത് എന്ത്, എഴുന്നേറ്റു അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനം ഏററു നിന്റെ പാപങ്ങളെ കഴുകിക്കളക എന്നു പറഞ്ഞു.

എഴുന്നേറ്റു പ്രാർത്ഥിച്ചു സ്നാനമേറ്റു നിന്റെ പാപങ്ങളെ കഴുകിക്കളക എന്നാണ് അനന്യാസ് പറഞ്ഞതു. അനന്യാസ് തെറ്റായി എന്തെങ്കിലും ശൗലിനോടു പറഞ്ഞോ, നാമധേയവിഭാഗങ്ങളിൽ പെട്ട കോടിക്കണക്കിനു ഉപദേഷ്ടാക്കന്മാർ പിന്നെ എന്തുകൊണ്ട് വ്യത്യസ്തമായ തെറ്റുകൾ കൂട്ടിചേർക്കുന്നു. രക്ഷപ്രാപിക്കാൻ വിശ്വാസം മാത്രം മതിയെന്നും, പ്രാർത്ഥിച്ചാൽ മതിയെന്നും, പാപം ഏറ്റു പറഞ്ഞാൽ മതിയെന്നും, ഇവർ പറയുന്നത് എന്തുകൊണ്ടാണ്? വേറെ ചിലർ പറയുന്നത് ദൈവം അവരെ അത്ഭുതകരമായി രക്ഷിച്ചു എന്നാണ്. അതും ദൈവവചനത്തിൽ പറയാത്തതാണ്. ജനിക്കും മുമ്പുതന്നെ ദൈവം എല്ലാം നിശ്ചയിച്ചു കഴിഞ്ഞിരിക്കുകയാണ്. പിന്നെ എന്തു ചെയ്താലും പ്രയോജനമില്ലഎന്നു തുടങ്ങിയ

എണ്ണമറ്റ ദുരുപദേശമാണ് ഇന്നു വായുവിൽ നിറഞ്ഞുകേൾക്കുന്നത്. പക്ഷെ അനന്യാസിന്റെ വായിൽ നിന്നു ദൈവത്തിന്റെ രക്ഷാപദ്ധതിയിലെ ഒരു വാക്കിൽ പോലും തെറ്റ് പറ്റിയതായി കാണുന്നില്ല.

വെള്ളത്തിൽ പോയി മുങ്ങിയാൽ എങ്ങനെ രക്ഷകിട്ടും എന്നാണ് നാമധേയ ലോകത്തിന്റെ ചോദ്യം. ക്രിസ്തുവിന്റെ കൽപനയെ നിഷേധിക്കുവാൻ എന്തു തടസചോദ്യങ്ങളും ചോദിക്കാം. എന്നാൽ അനന്യാസിനു തെറ്റു പറ്റിയോ. അവൻ തെറ്റു പഠിപ്പിച്ചോ,. ഇല്ല. നമുക്കു ഊഹിക്കാവുന്ന ഒരു പരമാണുവിന്റെ അത്ര പോലും ഇല്ലായിരുന്നു അവൻ സത്യം സത്യമായിട്ടു തന്നെ ധരിപ്പിച്ചുകൊടുത്തു.

പ്രിയരെ, യേശുക്രിസ്തുവിന്റെ രക്തമാണ് നിങ്ങളെ ശുദ്ധീകരിക്കുന്നതു എന്നു പറയുമ്പോൾ അതു അവൻ അംഗീകരിക്കും. അതു ശരിയുമാണ് പക്ഷെ അതെങ്ങനെ എന്നു അവർക്കു അറിഞ്ഞുകൂടാ. ഉദ്ധരിക്കേണ്ടതു യോഹന്നാൻ 19:33,34. യേശു തന്റെ മരണത്തിൽ രക്തം ചിന്തി എന്നു ഈ വാക്യത്തിൽ പറയുന്നു. ഈ രക്തത്തിന്റെ പ്രയോജനം കിട്ടുവാൻ അവന്റെ മരണത്തിൽ പങ്കാളിയാകണം. അവന്റെ അടക്കത്തിൽ, ഉയിർപ്പിൽ പങ്കാളിയാകേണ്ടതിനു സ്നാനം കൂടിയേ തീരു (റോമർ 6:3;4). കുഞ്ഞാടിന്റെ രക്തത്തോടു ബന്ധപ്പെടുവാൻ വെള്ളത്തിൽ സ്നാനമാകുന്ന അവന്റെ കല്പന ഏൽക്കുന്നവനിൽ വിശ്വാസത്തോകൂടി അനുസരണവും ഉണ്ടാകുന്നു. അങ്ങനെയുള്ള വ്യക്തികളെ അവൻ കഴുകി വിശുദ്ധീകരിക്കുന്നു (വെളിപ്പാട് 1:5,7:14).

✶

# പ്രവാചകൻ

## ഫ്രാൻസിസ്

### യെഹെസ്ക്കേൽ

ബൂസിയുടെ മകനായി ജനിച്ച ഒരു പ്രവാചകനായിരുന്നു യെഹെസ്ക്കേൽ. കെബാർ നദീ തീരത്തു വച്ച് ദൈവിക അരുളപ്പാട് ആദ്യമായി അവനു ഉണ്ടായി. അവിടെ വച്ചു യഹോവയുടെ കൈ അവന്റെ

മേൽ വന്നു. അവന്റെ മഹത്വം അവൻ ദർശിക്കുകയും ചെയ്തു
(1-ാം അദ്ധ്യായം)

ദൈവം തന്റെ വചനങ്ങളൊക്കെയും പൂർണ്ണമായി അവനെ ധരിപ്പിച്ചു. അതുകൊണ്ടാണു ദൈവം അകത്തും പുറത്തും എഴുത്തുള്ള ഒരു പുസ്തകം അവന്റെ നേർക്കു നീട്ടി, അതു തിന്നുവാൻ കൽപ്പിച്ചരുളിയതു. അവൻ അതു തിന്നുകയും ചെയ്തു. ഒരു പുസ്തകം തിന്നിരിക്കുന്നുവെന്നു പറഞ്ഞാൽ അതിലെ എല്ലാ ആശയങ്ങളും അവൻ മനസ്സിലാക്കി സ്വീകരിച്ചിരിക്കുന്നുവെന്നാണു അർത്ഥം. അല്ലാതെ പുസ്തകം ആരും തിന്നാറില്ലല്ലോ. ഇതിനു ശേഷമാണ് യിസ്രായേൽ ഗൃഹത്തോടു സംസാരിപ്പാൻ ദൈവം അവനോടു ആജ്ഞാപിക്കുന്നത്. ദൈവവചനങ്ങൾ പൂർണ്ണമായി മനസ്സിലാക്കി കൊടുക്കാതെ ദൈവം ഒരു പ്രവാചകനെയും ആരുടെയും അടുക്കൽ പറഞ്ഞയച്ചിട്ടില്ല. ദൈവവചനത്തിൽ അവൻ പൂർണ്ണനാകുവാൻ ആത്മാവ് അവനെ എടുത്തുകൊണ്ടു പോയി. തിരികെ അവൻ വസിച്ചിരുന്ന സ്ഥലത്തു വിടുകയും ചെയ്തു.
(2, 3 അദ്ധ്യായങ്ങൾ)

ദൈവം ദുഷ്ടനോടും നീതിമാനോടും എങ്ങനെ പ്രവർത്തിക്കും എന്നു അവനു വെളിപ്പെടുത്തിക്കൊടുത്തു. “ഞാൻ ദുഷ്ടനോടു: നീ മരിക്കും എന്നു കൽപിക്കുമ്പോൾ നീ അവനെ ഓർപ്പിക്കുകയോ, ദുഷ്ടനെ ജീവനോടെ രക്ഷിക്കേണ്ടതിനു അവൻ തന്റെ ദുർമ്മാർഗ്ഗം വിടുവാൻ അവനെ ഓർപ്പിച്ചുകൊണ്ടു ഒന്നും പറയുകയോ ചെയ്യാഞ്ഞാൽ ദുഷ്ടൻ തന്റെ അകൃത്യത്തിൽ മരിക്കും. അവന്റെ രക്തമോ ഞാൻ നിന്നോടു ചോദിക്കും. എന്നാൽ ദുഷ്ടനെ ഓർപ്പിച്ചിട്ടും അവൻ തന്റെ ദുഷ്ടതയും ദുർമാർഗ്ഗവും വിട്ടു തിരിയുന്നില്ലായെങ്കിൽ അവൻ തന്റെ അകൃത്യത്തിൽ മരിക്കും. നീയോ, നിന്റെ പ്രാണനെ രക്ഷിച്ചിരിക്കുന്നു” (3:18,19). “നീതിമാൻ തന്റെ നീതി വിട്ടു മാറി നീതികേടു പ്രവർത്തിച്ചിട്ട് ഞാൻ അവന്റെ മുമ്പിൽ ഇടർച്ച വെക്കുന്നുവെങ്കിൽ അവൻ മരിക്കും. നീ അവനെ ഓർപ്പിക്കായ്കകൊണ്ട് അവൻ തന്റെ പാപത്തിൽ മരിക്കും. അവൻ ചെയ്ത നീതി അവനു കണക്കിടുകയില്ല. അവന്റെ രക്തമോ ഞാൻ നിന്നോടു ചോദിക്കും. നീതിമാൻ പാപം ചെയ്യാതിരിക്കേണ്ടതിനു നീ നീതി

മാനെ ഓർപ്പിച്ചിട്ടു അവൻ പാപം ചെയ്യാതെ ഇരുന്നാൽ അവൻ പ്രബോധനം കൈക്കൊണ്ടിരിക്കയാൽ അവൻ ജീവിക്കും.. നീയും നിന്റെ പ്രാണനെ രക്ഷിച്ചിരിക്കുന്നു" (3:20,21).

ദുഷ്ടൻ നീതിമാനായാൽ അവന്റെ ദുഷ്ടതയെയും നീതിമാൻ ദുഷ്ടനായാൽ അവന്റെ നീതിയേയും ദൈവം കണക്കിൽ എടുക്കുന്നില്ല. ദുഷ്ടൻ നീതിമാനായാൽ ദൈവസ്നേഹം എന്തുമാത്രം അവനിൽ ചൊരിയുന്നു. അവൻ പൂർണ്ണ നീതിമാനായി മാറുന്നു. ദുഷ്ടൻ ദുഷ്ടനായാലും നീതിമാൻ ദുഷ്ടനായി മാറിയാലും അവനിൽ ദൈവകോപം ജ്വലിക്കുന്നു. അവൻ ദൈവശിക്ഷക്കു അർഹതയുള്ളവനായി മാറുന്നു. ദൈവനീതി എത്ര കർശനമുള്ളതാണെന്നു നമുക്കു ഇതിൽ നിന്നു മനസ്സിലാക്കാം.

നീതിമാൻ ആരാണെന്നു 18-ാം അദ്ധ്യായം5-9 വാക്യങ്ങളിൽ നമുക്കു കാണം. "പുജാഗിരികളിൽ വച്ചു ഭക്ഷണം കഴിക്കുകയോ, യിസ്രായേൽ ഗൃഹത്തിന്റെ വിഗ്രഹങ്ങളെ നോക്കി നമസ്കരിക്കുകയോ, കൂട്ടുകാരന്റെ ഭാര്യയെ വഷളാക്കുകയോ, ഋതുവായ സ്ത്രീയുടെ അടുക്കൽ ചെല്ലുകയോ, ആരോടും അന്യായം പ്രവൃത്തിക്കുകയോ ചെയ്യാതെ, കടം വാങ്ങിയവനോടു പണം മടക്കിക്കൊടുക്കുകയും, ആരോടും പിടിച്ചു പറിക്കാതെ തന്റെ അപ്പം വിശപ്പുള്ളവനു കൊടുക്കുകയും, നഗ്നനെ ഉടുപ്പിക്കുകയും പലിശക്കു കൊടുക്കാതിരിക്കുകയും ലാഭം വാങ്ങുകയോ ചെയ്യാതിരിക്കുകയും നീതികേടുചെയ്യാതെവണ്ണം കൈ മടക്കിക്കൊൾകയും മനുഷ്യർ തമ്മിലുള്ള വ്യവഹാരത്തിൽ നേരോടെ വിധിക്കുകയും എന്റെ ചട്ടങ്ങളെ അനുസരിക്കുകയും എന്റെ ന്യായത്തെ പ്രമാണിക്കുകയും ചെയ്തുകൊണ്ട് നേരോടെ നടക്കുന്നവൻ ആകുന്നു നീതിമാൻ. അവൻ നിശ്ചയമായി ജീവിച്ചിരിക്കും.

ഇങ്ങനെയുള്ളവരും മരിച്ചിട്ടുണ്ടെന്നും അവർ ജീവിച്ചിട്ടില്ലായെന്നും ചിലർ പറഞ്ഞേക്കാം. അങ്ങനെ പറയുന്നവർ ഭൗതീകം മാത്രം നോക്കുന്നവരാണ്. ആത്മീകമായി നോക്കിയാൽ നീതിമാൻ ഇന്നും ജീവിച്ചിരിക്കുന്നു. മറ്റുള്ളവർ മരിച്ചുമിരിക്കുന്നു.

ഇന്നു പലരും ചെയ്യുന്നതുപോലെ മുൻകാലങ്ങളിൽ ജീവിച്ചിരിക്കുന്നവർ മരിച്ചവരുടെ പാപപരിഹാരത്തിനായി പലതും ചെയ്യാറുണ്ട്. അതു തെറ്റാണെന്നു ദൈവം പ്രവാചകനു വെളിപ്പെടുത്തികൊ

ടുത്തു. "മകൻ അപ്പന്റെ അകൃത്യം വഹിക്കേണ്ട. നീതിമാന്റെ നീതി അവന്റെ മേലും ദുഷ്ടന്റെ ദുഷ്ടത അവന്റ മേലും ഇരിക്കും.

നമ്മുടെ ആഗ്രഹത്തിനോത്ത് ദൈവം ഒരിക്കലും നിൽക്കാറില്ല. നാം ദൈവത്തിന്റെ ആഗ്രഹത്തിനൊത്തു നിന്നേ മതിയാകു. കാരണം നാം അല്ല അവനെ സൃഷ്ടിച്ചതു. അവനാണു നമ്മുടെ സൃഷ്ടി കർത്താവ്. നാം അവന്റെ ആഗ്രഹത്തിനൊത്ത് നിന്നില്ലായെങ്കിൽ അതിനുള്ളശിക്ഷ നാം അനുഭവിച്ചേ മിതിയാകൂ. മനുഷ്യനെക്കുറിച്ച് ശരിക്കും അറിഞ്ഞതുകൊണ്ടാണ് ദൈവം ഇപ്രകാരം പറഞ്ഞിരിക്കുന്നത്. കർത്താവിന്റെ വഴി ചൊവ്വുള്ളതല്ലയോ. നിങ്ങളുടെ വഴികൾ ചൊവ്വില്ലാത്തവയല്ലയോ (18:25). ദൈവിക അരുളപ്പാട് കേൾക്കാൻ വന്ന യിസ്രായേല്യരെ കുറിച്ച് ദൈവം അവനു വെളിപ്പെടുത്തിക്കൊടുത്തു." അവർ നിന്റെ അടുക്കൽ വന്നു എന്റെ ജനമായിട്ടു നിന്റെ മുമ്പിൽ ഇരുന്നു. നിന്റെ വചനങ്ങളെ കേൾക്കുന്നു. എന്നാൽ അവർ അവയെ ചെയ്യുന്നില്ല. വായ്കൊണ്ട് അവർ വളരെ സ്നേഹം കാണിക്കുന്നു. ഹൃദയമോ ദുരാഗ്രഹത്തെ പിൻതുടരുന്നു (33:31). ഇന്നും ജനം ദൈവത്തെ സ്നേഹിക്കുന്നതും ഇപ്രകാരമല്ലേ. ബൈബിളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഗ്രഹിച്ചു പ്രവർത്തിക്കുന്നതിനു പകരം മാർപാപ്പാ, ഞാൻ കർദിനാൾ, ഞാൻ ബിഷപ്പ്, ഞാൻ പുരോഹിതൻ, ഞാൻ കന്യാസ്ത്രീ എന്നു പറഞ്ഞു ക്രിസ്സ്മസ്സ്, പെസഹാവ്യാഴം, ദുഃഖവെള്ളിയാഴ്ച, ഈസ്റ്റർ തുടങ്ങിയവ ചില ദിവസങ്ങളിൽ നിശ്ചയിച്ചു ദൈവത്തെ അവഹേളിച്ചു നടക്കുന്നു. ചില കൂദാശകൾ സ്ഥാപിച്ചു അതു ദൈവത്തിന്റേതാണെന്നു പറഞ്ഞു വിറ്റു കാശാക്കുന്നു. അവർ ഇടയന്മാരാണെന്നു സ്വയം അവകാശപ്പെടുന്നു.

യെഹെസ്ക്കേൽ പ്രവാചകനെ യിസ്രായേൽ ഗൃഹത്തിനു കാവൽക്കാരനാക്കി വച്ചപ്പോൾ ദൈവം പറഞ്ഞു, നീ എന്റെ വായിൽ നിന്നു വചനം കേട്ടു എന്റെ നാമത്തിൽ അവരെ ഓർമ്മപ്പെടുത്തേണം (33:7).

ഇതാണോ ഇടയന്മാർ എന്നു അവകാശപ്പെടുന്നവർ ചെയ്യുന്നത്. യിസ്രായേൽ ഇടയന്മാരെ കുറിച്ചു പ്രവചിച്ചതു നോക്കാം. "തങ്ങളെത്തന്നെ മേയിക്കുന്ന യിസ്രായേലിന്റെ ഇടയന്മാർക്കു അയ്യോ കഷ്ടം ആടുകളെ അല്ലയോ ഇടയന്മാർ മേയിക്കേണ്ടത്. നിങ്ങൾ

മേദസ്സ് തിന്നുകയും ആട്ടുരോമം ഉടുക്കുകയും തടിച്ചിരിക്കുന്നവയെ അറുക്കുകയും ചെയ്യുന്നു. ആടുകളെ നിങ്ങൾ മേയിക്കുന്നില്ല താനും. നിങ്ങൾ ബലഹീനമായവയെ ശക്തീകരിക്കുകയോ ദീനം പിടിച്ചതിനെ ചികിത്സിക്കുകയോ ഒടിഞ്ഞതിനെ മുറികെട്ടുകയോ ചിതറിപ്പോയതിനെ തിരിച്ചുവരുത്തുകയോ കാണാതെ പോയതിനെ അന്വേഷിക്കുകയോ ചെയ്യാതെ കഠിനതയോടും ക്രൂരതയോടും കൂടെ അവയെ ഭരിച്ചിരിക്കുന്നു. അതിനാൽ ആടുകളെ മേയിക്കുന്ന വേലയിൽ നിന്നു അവരെ നീക്കികളയും. ഇടയന്മാർ ഇനി തങ്ങളെത്തന്നെ മേയിക്കുകയില്ല" (34:2-4..10).

ആടുകളോടു സ്നേഹമുള്ളതിനാൽ ഇനി അവൻ അവയോടു ചെയ്യുവാൻ പോകുന്നതു കൂടി വെളിപ്പെടുത്തികൊടുത്തു. "ഞാൻ തന്നെ എന്റെ ആടുകളെ മേയിക്കുകയും നടത്തുകയും ചെയ്യും. കാണാതെ പോയതിനെ ഞാൻ അന്വേഷിക്കുകയും ഓടിച്ചുകളഞ്ഞതിനെ തിരിച്ചു വരുത്തുകയും ഒടിഞ്ഞതിനെ മുറിവുകെട്ടുകയും ദീനം പിടിച്ചതിനെ ശക്തീകരിക്കയും ചെയ്യും. എന്നാൽ കൊഴുത്തതിനേയും ഉരത്തതിനേയും ഞാൻ നശിപ്പിക്കും. ഞാൻ ന്യായത്തോടെ അവയെ മേയിക്കും (34:15,16). ദൈവമായ യഹോവ എന്ന ഞാൻ അവരോടു കൂടെ ഉണ്ടെന്നും യിസ്രായേൽ ഗൃഹമായിരിക്കുന്ന അവർ എന്റെ ജനമാകുന്നുവെന്നും അവർ അറിയും (34:30). പാപികൾ നീതിമാന്മാരാകുവാൻ ദൈവം ആഗ്രഹിക്കുന്നുവെന്ന സത്യം നമുക്കു ഇതിലൂടെ മനസിലാക്കുവാൻ കഴിയും. ദുഷ്ടന്മാർ ദുഷ്ടതയിൽ മരിച്ച്പോകണമെന്നു ഒരിക്കലും ആഗ്രഹിക്കുന്നില്ല. അങ്ങനെ ആഗ്രഹിച്ചിരുന്നുവെങ്കിൽ പ്രവാചകന്മാരെ അയച്ചു ദൈവവചനങ്ങൾ അവരെ ഗ്രഹിപ്പിക്കേണ്ട കാര്യം ഇല്ലായിരുന്നു.

ദൈവത്തിൽ നിന്നും അകന്നു ജീവിച്ചിരുന്ന ജനത്തെയും രാജ്യങ്ങളേയും നശിപ്പിക്കുന്നതിനു മുമ്പേ പ്രവാചകനിലൂടെ അവരുടെ മാനസാന്തരത്തിനായി അവൻ ശ്രമിച്ചു. പാപികൾക്കു അവസരങ്ങൾ നൽകുക എന്നത് ദൈവ കാരുണ്യം മാത്രമാണ്. മനുഷ്യനിയമപ്രകാരം അവർ യാതൊരു കാരുണ്യവും അർഹിക്കുന്നില്ല. കുറ്റത്തിനു ശിക്ഷ. എന്നാൽ ദൈവനിയമം കുറ്റത്തിനു കാരുണ്യം തിരിയുന്നില്ലായെങ്കിൽ ശിക്ഷ. നോക്കു എത്ര ദയവുള്ളവനാണു ദൈവം.

ദൈവ പ്രസാദത്തിനായി ഹോമയാഗങ്ങളും സമാധാനയാഗ

ങ്ങളും അർപ്പിക്കുവാൻ ദൈവം ആവശ്യപ്പെട്ടു (44:27). ദൈവത്തെ അനുസരിച്ചു നടന്നാൽ നിത്യം ജീവിക്കുന്ന രാജ്യത്തിലേക്കു കട ക്കുവാൻ കഴിയുമെന്ന് ദൈവം അവനിലൂടെ യഹൂദാജനത്തിനു വെളിപ്പെടുത്തിക്കൊടുത്തു.

# പരിശുദ്ധാത്മാവിൽ നിറയപ്പെടുന്നതെങ്ങനെ? ജീവിക്കുന്നതെങ്ങനെ?

## റ്റി. സി. രാജൻ തുമരംപാറ

വീണ്ടും നോക്കുമ്പോൾ ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും എന്നു പറഞ്ഞിരിക്കുന്നു. രക്ഷിക്കപ്പെട്ടശേഷം കാത്തിരുന്നു രണ്ടാമതു കിട്ടുന്ന ദാനമല്ല ഇത്. ആദ്യദാനമെന്ന് (റോമർ 8:26 ) ൽ പറഞ്ഞിരിക്കുന്നത് നിഷേധിക്കുവാൻ കഴിയുകയില്ല. ഇതിൽ നിന്നും നാം കർത്താവിനെ അനുസരിക്കുമ്പോൾ തന്നെ ആത്മാവിനെ ലഭിക്കുന്നു എന്ന് നിസ്തർക്കമായി മനസ്സിലാക്കാം. എന്നാൽ കാത്തിരിക്കുന്നതിൽ തെറ്റില്ല. അത് ആത്മപ്രാപണത്തിനായിരിക്കരുത്. നേരെ മറിച്ച് ആത്മനിറവിനായി പ്രവർത്തിക്കണം ഈ വിഷയം അടുത്തതായി ചിന്തിക്കാവുന്നതാണ്.

### ആത്മാവിൽ നിറയപ്പെടുക എന്നാൽ എന്ത് ?

1 ക്രിസ്തുവിൽ നിറയുക (നിയന്ത്രിക്കപ്പെടുക):- നാം ഈ സംരംഭത്തിനായി കാത്തിരിക്കുന്നതിൽ തെറ്റില്ല കാരണം ശുദ്ധീകരണം കൂടാതെ ആർക്കും ദൈവത്തെ കാണുവാൻ കഴിയുന്നതല്ല. നമ്മുടെ ശരീരം, മനസ്സ് ചിന്ത എല്ലാം തന്നെ ദൈവത്തിൽ നിരന്തരം ഏൽപിച്ചുകൊണ്ടിരിക്കണം(നിയന്ത്രിക്കപ്പെട്ടുകൊണ്ടിരിക്കണം) എന്നർത്ഥം. (1കൊരി. 6:17-20) വായിക്കുമ്പോൾ "ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുകയാൽ നിങ്ങൾ

താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നുവല്ലോ. ആകയാൽ നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ".

ദുർന്നടപ്പ് ചെയ്യുന്നവന് ദൈവത്തെ മഹത്വപ്പെടുത്തുവാൻ കഴിയുമോ? അപ്പോസ്തലനായ പത്രോസ് പറയുന്നത് നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് അഴിഞ്ഞുപോകുന്ന വസ്തുവിനെ കൊണ്ടല്ല പിന്നെയോ നിർദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ (ക്രിസ്തുവിന്റെ) രക്തത്താൽ ആണ് എന്നു പറഞ്ഞിരിക്കുന്നു. പൗലോസ് ശ്ലീഹാ പറയുന്നത് നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുകയാൽ ഇനി നിങ്ങൾക്ക് സ്വന്തമായി പ്രവർത്തിപ്പാനോ സ്വന്ത ഇഷ്ടത്തിന് ജീവിക്കുവാനോ വേണ്ടിയല്ല. നിങ്ങൾ എന്റെ വകയാണ് (കർത്താവിന്റെ). ആകയാൽ നാം നമ്മുടെ ദൈനന്തിന ജീവിതത്തിൽ പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടേണ്ടത് അത്യാവശ്യമാണ്. വേറിട്ട് ഒരു സ്ഥലത്ത് അൽപം ജലവുമായിരിക്കുന്ന പാത്രം അതേ നിലയിൽ ഇരുന്നാൽ അത് ഒരിക്കലും നിറയുകയില്ല. പാത്രം നിറയണമെങ്കിൽ വെള്ളം മറ്റൊരു പാത്രത്തിൽ നിന്ന് ഒഴിച്ചു കൊടുക്കണം. എന്നാൽ വെള്ളം ഒഴിക്കുന്ന സന്ദർഭത്തിൽ അത് ഒരേ സമയം നിറയപ്പെടുന്നില്ല. പിന്നെയോ ഒഴിക്കുന്തോറും അത് നിറഞ്ഞ് നിറഞ്ഞ് വരികയാണ് ചെയ്യുന്നത്. അതുപോലെ നമ്മുടെ ദൈനന്തിന ജീവിതത്തിൽ ശുദ്ധീകരിച്ച് ദൈവത്തോട് അടുത്തുവരുമ്പോൾ, ഏൽപിച്ചു കൊടുക്കുമ്പോൾ മാത്രമേ ആത്മാവിൽ നിറയപ്പെടുവാൻ കഴിയുകയുള്ളു. അതിനായി നാം ഒരുങ്ങി ഏൽപിച്ചു കൊടുത്തുകൊണ്ടിരിക്കണം.

2 ഫലം പുറപ്പെടുവിക്കുക:-പൗലൊസ് പറയുന്നു: 'ഇതു ചെയ്യേണ്ടതു ഉറക്കത്തിൽ നിന്നു ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ സമയത്തെ അറികയാൽ തന്നെ എന്നു തുടങ്ങി അനേകം കാര്യങ്ങളെ പറ്റി അപ്പൊസ്തലർ പറഞ്ഞിരിക്കുന്നു (റോമർ 13:11 -14). ഗലാത്യലേഖകൻ പറയുന്നതുപോലെ ആത്മാവിൽ നിറയപ്പെട്ടുകഴിയുമ്പോൾ ഫലങ്ങൾ പറപ്പെടുവിക്കും. അതിനുള്ള നാഴിക വന്നിരിക്കുന്നു (ഗലാ. 5:22). കാരണം ഓരോ ദിവസം കഴിയുംതോറും രക്ഷ നമുക്ക് ഏറ്റവും അടുത്തുവന്നുകൊണ്ടിരിക്കുകയാണ്: രാത്രി കഴിവാറായി. രാത്രിയും പകലും ഒരുപോലെ സമ്മേളിച്ചിരിക്കുന്നു. ഉണർന്നു ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്കുക (വെ

ളി. 3:2).

3 വചനത്തെ ഉൾക്കൊള്ളുക (മനസ്സിലാക്കുക). അപ്പോസ്തല പ്രവൃത്തികളിൽ പത്രോസിനോടും ശേഷം അപ്പോസ്തലന്മാരോടും വചനം കേട്ടു ഹൃദയത്തിൽ കുത്തുകൊണ്ടിട്ട് (പോപബോധം വന്നിട്ട്) സഹോദരന്മാരായ പുരുഷന്മാരെ ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു ചോദിക്കുന്നു (പ്രവൃത്തി. 2:37). തേരിൽ ഇരുന്നുകൊണ്ട്. യെശയ്യാ പ്രവചനം വായിച്ച ഷണ്ഡന്റെ ഉള്ളിൽ വചനം ഫിലിപ്പോസ് മുഖാന്തിരം കേട്ടപ്പോൾ മനസ്സിലാക്കി. ദൈവകൽപന അനുസരിക്കുവാൻ തയ്യാറായി. ദൈവവചനം യഥാർത്ഥമായി മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. വചനം കേട്ടതുകൊണ്ട് മാത്രമായില്ല അത് വളർന്ന് ഫലം പുറപ്പെടുവിക്കുവാൻ തക്ക വളർച്ചയിൽ എത്തിച്ചേരേണ്ടതാണ്.

## ഒരു സാധാരണ വിശ്വാസി പരിശുദ്ധാത്മാവിൽ നിറയപ്പെടാത്തതെന്തുകൊണ്ട് ?

1 അറിവില്ലായ്മ:- പരിശുദ്ധാത്മാവിനെയും അവന്റെ സ്വഭാവത്തെയും പ്രവർത്തനത്തെയും പറ്റി അറിയേണ്ടത് അത്യാവശ്യമാണ്.

2 വിശ്വാസം:- ആത്മാവിൽ പുർണ്ണ വിശ്വാസം ഉണ്ടായിരിക്കുകയും ഏല്പിച്ചുകൊടുക്കയും വേണം.

## ആത്മാവിൽ നിറയപ്പെടൽ എങ്ങനെ സാധിക്കാം?

അഞ്ചു വിധ കാര്യങ്ങൾ നാം സ്വയമായി ചെയ്യേണ്ടതുണ്ട്.

1 വിശ്വാസം ഉണ്ടായിരിക്കണം (എബ്രായർ 11:6).

2 ആഗ്രഹിക്കണം (സങ്കീ. 20:4).

3 ഹൃദയം ഒരുക്കമുള്ളതായിരിക്കണം (സങ്കീ. 51:10).

4 പാപങ്ങളെ ഏറ്റുപറയുക (ഓരോ ദിവസവും)
(സങ്കീ. 19:12-14).

5 പരിപൂർണ്ണസമർപ്പണം (ദൈവേഷ്ടത്തിനായി)
(അനുസരണം) (ലൂക്കൊസ് 22:42).

## പരിശുദ്ധാത്മാവിനാൽ നിറഞ്ഞുവെന്ന് ഉറപ്പു വരുത്തുക

ഒരു ക്രിസ്തുവിശ്വാസി യഥാർത്ഥമായി ദൈവാത്മാവിനാൽ നിറയപ്പെട്ടു കഴിയുമ്പോൾ അവന് വെറുതെ ഇരിക്കുവാനാകില്ല: സ്തേഫാനോസിനെപ്പോലെ (പ്രവൃത്തി 7:55). ദൈവമഹത്വം കാണുവാനും അവനുവേണ്ടി തന്റെ ജീവനെ കളയുവാൻ കൂടി തയ്യാറാകും. ആത്മാവു നിറഞ്ഞവരായി മൂകമായി ഇരിക്കുകയില്ല. മററുള്ളവർ എന്തുകരുതും എന്നു വിചാരിച്ച് ദുരഭിമാനത്തോടെ ഇരിക്കുവാൻ പാടില്ല. യഹോവ ചെയ്ത സകല ഉപകാരങ്ങൾക്കും ഞാനെന്തു പകരം കൊടുക്കും, രക്ഷയുടെ പാനപാത്രമെടുത്തു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും എന്നു (സങ്കീ. 116:12–14) സങ്കീർത്തനക്കാരനോടു ചേർന്നു അഭിമാനത്തോടെ തലകളെ ഉയർത്തി ലജ്ജിക്കാതെ രാജാക്കന്മാരുടെ മുമ്പിലും ഞാൻ നിന്റെ സാക്ഷ്യങ്ങളെ പ്രസ്താവിക്കും എന്നു പറയുകയും പ്രവർത്തിക്കുകയും മാത്രമല്ല, ആത്മാവു നിറഞ്ഞ് കഴിയുമ്പോൾ അവരിൽ നിന്ന് ഉൽഭൂതമാകുന്ന കാര്യങ്ങളെപ്പറ്റി അപ്പോസ്തലൻ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്. 'ആത്മാവ് നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും, സ്തുതികളാലും, ആത്മീക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവനു എല്ലായ്പ്പോഴും എല്ലാറ്റിനു വേണ്ടിയും സ്തോത്രം ചെയ്തുകൊൾവീൻ ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ" ഇത് കർത്താവിന്റെ കൽപനയാണ്. നാം അപേക്ഷിക്കുന്ന കാര്യങ്ങൾ ലഭിക്കുമ്പോൾ നമുക്ക് ഇത് മനസിലാക്കുവാൻ കഴിയും (1യോഹ 5:14,15). ഈ ആത്മനിറവ് നാം പ്രാപിച്ചു കഴിയുമ്പോൾ അതിബഹുലമായ ഒരു ഉത്തരവാദിത്വത്തിലേക്ക് കടക്കുകയുമാണ് നാമോരോരുത്തരും.

## ആത്മാവിൽ പോരാടുവാൻ തയ്യാറാവുക

മേൽ പ്രസ്താവിച്ച വിധം നാം ആത്മാവിനാൽ നിറയപ്പെട്ടു കഴിയുമ്പോൾ ആയുധമേന്തി ആത്മാവിൽ പോരാടുവാൻ നാം പോർക്കളത്തിൽ തയ്യാറായി നിൽക്കുകയാണ് ചിരം ജീവികളായി. പിശാ

ചിന്റെ തന്ത്രങ്ങളെ കീഴ്മേൽ മറിക്കുവാൻ ഒരുക്കത്തോടെ, ധൈര്യത്തോടെ നിൽക്കുക, നാം അധൈര്യപ്പെടേണ്ട ആവശ്യമില്ല. കർത്താവ് നാല്പതു ദിവസം ഉപവസിച്ച ശേഷം പരീക്ഷകൻ അടുത്തുവന്നുണ്ടായ അനുഭവം നാം മനസിലാക്കുക (മത്താ.4:1).നാം പിശാചിന്റെ തന്ത്രങ്ങളെ അറിയാത്തവരല്ലല്ലോ, ആത്മാവിനാൽ നിയന്ത്രിക്കപ്പെട്ടുകഴിയുമ്പോൾ പിശാച് പുതിയ തന്ത്രങ്ങൾ ആവിഷ്കരിച്ച് നമ്മെ തകർക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കും. പിശാചിനു ഇടം കൊടുക്കാതെ സുബോധമുള്ളവരും നിർമ്മദരുമായി ഭക്തിയോടെ കർത്താവിനെ സേവിപ്പാനും, എഫേസ്യർ 6:10-18 വരെയുള്ള വാക്യങ്ങൾ വായിച്ചു മനസ്സിലാക്കി പോർക്കളത്തിൽ പിശാചിൽ നിന്ന് അനേകരെ വെട്ടിവീഴ്ത്തി യൂദ പറയുന്നതു പോലെ തീയിൽ നിന്ന് ചിലരെ വലിച്ചെടുക്കുവാൻ (യൂദ 23) തയ്യാറായി സർവ്വായുധവർഗ്ഗം ധരിച്ചുകൊണ്ട് പോർക്കളത്തിൽ മുന്നേറാം. പുറകോട്ടു തിരിഞ്ഞു പോകാതെ ഓരോ ചുവട് മുന്നോട്ട് എന്ന മുദ്രാവാക്യവുമായി കർത്താവിനെ സേവിക്കാം. അതിനായി ദൈവത്തിന്റെ പരിശുദ്ധാത്മാവ്എല്ലാവരേയും ഒരുക്കട്ടെ ശക്തീകരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

✶

## ഏഴു സഭകൾക്കുള്ള ദൂത്

### എം. എസ്. ജോൺ ഇരിട്ടി

യേശുക്രിസ്തുവിനെ കുറ്റം ചുമത്തി, അന്നത്തെ നാടുവാഴിയായിരുന്ന പീലാത്തൊസിന്റെ മുൻപാകെ വിസ്തരിക്കുമ്പോൾ യേശു പീലാത്തോസിനോടു പറഞ്ഞത് ബൈബിൾ രേഖപ്പെടുത്തിയിരിക്കുന്നു, "ഞാൻ സത്യത്തിനു സാക്ഷിനിൽക്കേണ്ടതിനു ജനിച്ചു, അതിനായി ലോകത്തിൽ വന്നുമിരിക്കുന്നു: സത്യ തല്പരനായവൻ എല്ലാം എന്റെ വാക്കു കേൾക്കുന്നു (യോഹ. 18:37).

രാജ്യത്തിന്റെ നീതിപാലകനായ പീലാത്തൊസിനു അപ്പോൾ സംശയം ജനിച്ചു. "സത്യം എന്നാൽ എന്ത്" (യോഹ.18:38). വാസ്ത

വമായി 'സത്യം' ദൈവമായ യേശുക്രിസ്തു ആണെന്ന് അന്നും ഇന്നും അനേകർക്കു ഗ്രഹിക്കുവാൻ കഴിഞ്ഞിട്ടില്ല. യേശു സത്യം പറയുന്നത് കൊണ്ടു അവനിൽ ആരും വിശ്വസിക്കുന്നില്ല. എന്നാൽ ലോക മനുഷ്യർ പറയുന്നത് എല്ലാവരും വിശ്വസിക്കുകയും അനുഷ്ഠിക്കുയും ചെയ്യുന്നു.

"ഞാൻ സത്യം പറയുന്നു എങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കാത്തത് എന്ത്" ദൈവസന്തതിയായവൻ ദൈവവചനം കേൾക്കുന്നു. നിങ്ങൾ ദൈവസന്തതിയല്ലായ്കകൊണ്ട് കേൾക്കുന്നില്ല. (യോഹ 8:46,47). ലോക മനുഷ്യരോടുള്ള യേശുക്രിസ്തുവിന്റെ ഈ ചോദ്യം നിന്റെ ഹൃദയത്തെ സ്പർശിക്കുവാൻ ഇടയായിതീരട്ടെ, യേശുക്രിസ്തു മാത്രമാണ് വിശ്വസ്തനും സത്യവാനുമായവൻ.

"കർത്താവ് വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭമായ ആമേൻ" ആണ്. കർത്താവു ദൈവസൃഷ്ടിയുടെ ആരംഭമാകുന്നു. ഈ വചനത്തെ ആസ്പദമാക്കി യഹോവ സാക്ഷികൾ എന്ന ഒരു കൂട്ടർ യേശുക്രിസ്തു സൃഷ്ടികളിൽ ഒന്നാമൻ എന്നു പഠിപ്പിക്കയും ക്രിസ്തുവിന്റെ ദൈവത്വത്തെ നിക്ഷേധിക്കുകയും ചെയ്യുന്നു. യഹോവ സാക്ഷികളുടെ ദുരുപദേശത്തിൽ ആരും കുടുങ്ങി നശിച്ചുപോകാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളുക. "അവൻ ആദിയിൽ ദൈവത്തോടു കൂടെയായിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി, ഒന്നും അവനെകൂടാതെ ഉളവായതല്ല" (യോഹ 1:2,3). യേശുക്രിസ്തു സൃഷ്ടിയുടെ ആരംഭവും സകലത്തിനും കാരണഭൂതനുമാണ്. അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വസൃഷ്ടിക്കും ആദ്യജാതനും ആകുന്നു. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങളാകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തിരം സൃഷ്ടിക്കപ്പെട്ടു. അവൻ മുഖാന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സർവ്വത്തിനും മുമ്പേയുള്ളവൻ. അവൻ സകലത്തിനും ആധാരമായിരിക്കുന്നു" (കൊലൊ, 1:15-17)

★

# വാർത്തകൾ

## കവർച്ചാശ്രമം

ബൈക്കുയാത്രക്കാരായ ദമ്പതികളെ രാത്രി രണ്ടു ബൈക്കുകളിലെത്തി ഇടിച്ചുവീഴ്ത്തി ഏഴംഗ സംഘത്തിന്റെ കവർച്ചാശ്രമം ആറുമാസം പ്രായമുള്ള കുഞ്ഞിനെ അക്രമികൾ വലിച്ചെറിഞ്ഞു.

★

## ജീവനക്കാരുടെ അത്ഭുത രക്ഷപ്പെടൽ

ദേശീയ പാതയിൽ നിന്നു നിയന്ത്രണം വിട്ടു പതിനഞ്ചടി താഴ്ച്ചയിലേക്കു വീഴാൻ തുടങ്ങിയ ജീപ്പിൽ നിന്നു തിരുവനന്തപുരം സർക്കാർ പ്രസിലെ ജീവനക്കാരെ നാട്ടുകർ അത്ഭുതകരമായി രക്ഷപ്പെടുത്തി.

★

## യുവതിയെ വെട്ടി, അറസ്റ്റിലായി

പ്രണയാഭ്യർത്ഥന നിരസിച്ചതിന്റെ പേരിൽ പതിനെട്ടുകാരിയുടെ കാൽ വെട്ടുകത്തികൊണ്ടു വെട്ടി പരുക്കേൽപ്പിച്ച യുവാവ് അറസ്റ്റിലായി. കൊട്ടാരക്കര കോക്കാട് മഹേഷ് ഭവനിൽ മനോജ് (23) ആണ് അറസ്റ്റിലായത്.

★

## മനസ്സുമാറ്റി, വിവാഹം മുടങ്ങി

വിവാഹം കഴിക്കാൻ തയാറായി നിന്ന വധു അവസാന നിമിഷം മണ്ഡപത്തിലേക്കു പ്രവേശിക്കാൻ വിസമ്മതിച്ചതോടെ വിവാഹം മുടങ്ങി. വർക്കല ശിവഗിരിയിൽ ഗുരുവരുൾ പ്രകാരം കല്യാണത്തിനെത്തിയവരാണ് വക്കംസ്വദേശിയായ യുവതിയുടെ കടും പിടിത്തത്തിനു വഴങ്ങിഒടുവിൽ കല്യാണം നടത്താതെ മടങ്ങിയത്.

★

*Watch!*

# SATHYANADAM

## TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

## Bro.P.K. VARGHESE

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

## കൊതിച്ച വെളിച്ചം വരുംമുൻപ് ഇരുട്ടിലേക്ക്

എട്ടു വയസ്സുകാരൻ റാഷിക്കിന്റെയും ആറുവയസ്സുകാരി ഷാനിബയുടേയും ഏറ്റവും വലിയ സ്വപ്നമായിരുന്നു സ്വിച്ചിട്ടാൽ തെളിയുന്ന വിളക്കുകൾ. മണ്ണെണ്ണവിളക്കിന്റെ പുകയിൽനിന്ന് എന്നെന്നേക്കും മോചനം ലഭിക്കുന്ന ദിവസം ഇരുവരും സ്വപ്നം കണ്ടു. പക്ഷെ വീട്ടിലേക്കു വൈദ്യുതി എത്തുന്നതിന്റെ തലേന്നു വഴിയിൽ പൊട്ടിക്കിടന്ന ലൈനിൽ നിന്നു ഷോക്കേറ്റു ഇരുവരും പിടഞ്ഞുമരിച്ചു.

✶

## ആദിവാസിഭൂമി അവർക്കുതന്നെ,

ആദിവാസികളുടെ ഭൂമി അവർക്കു തന്നെ തിരിച്ചു നൽകണമെന്ന കേരള ഹൈക്കോടതി വിധി സുപ്രീം കോടതി ശരിവച്ചു. ആദിവാസികളുടെ ഭൂമി മറ്റുള്ളവർ വാങ്ങിയതായാലും കൈവശപ്പെടുത്തിയതായാലും കയ്യേറിയതായാലും ആദിവാസികൾക്കു തിരിച്ചു നൽകണമെന്നായിരുന്നു 1999 ജൂലൈ 25നു കേരള ഹൈക്കോടതി വിധിച്ചതു.

✶

## റോഡ് നന്നാക്കണം, ഹൈക്കോടതി.

റോഡിന്റെ കാര്യത്തിൽ സർക്കാർ ജനങ്ങളോടു പ്രതിബദ്ധത കാട്ടുന്നില്ലെന്നു ഹൈക്കോടതി. റോഡ് സൗകര്യമൊരുക്കുന്നതിൽ മറ്റു സംസ്ഥാനങ്ങളെക്കാൾ ഏറെ പിന്നിലാണ് കേരളം. യുദ്ധകാലാടിസ്ഥാനത്തിൽ റോഡു നന്നാക്കാനും ദേശീയ സംസ്ഥാന പാതകളുടെയും പൊതുമരാമത്തു റോഡുകളുടെയും അറ്റകുറ്റപ്പണി മൂന്നാഴച്ചക്കുള്ളിൽ പൂർത്തിയാക്കാനും കോടതി ഉത്തരവിട്ടു.

✶

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M. TV Program - Every Saturday at 6.00 a.m. (Jai Hind TV) Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S. Tvm on 23/24 September**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/09-11
Licensed to post without prepayment No. KL / TV (N) / WPP/40/2009 -11

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378